بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 15.03.2019 **ഖുത്‌ബ സംഗ്രഹം**

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*15.03.2019 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

## നബി (സ) തിരുമേനിയുടെ മഹനീയ സ്ഥാനികളായ ബദരീ സഹാബാക്കളുടെ വിശ്വാസം തുളുമ്പുന്ന സംഭവങ്ങളുടെ ഹൃദ്യവും മനോഹരവുമായ വിവരണം.

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَ اَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ۔ اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ۔ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ۔

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۙ﴿۱﴾ الرَّحۡمٰنِ الرَّحِيۡمِ ۙ﴿۲﴾ مٰلِكِ يَوۡمِ الدِّيۡنِ ؕ﴿۳﴾ اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُ ؕ﴿۴﴾

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۙ﴿۵﴾ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۬ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَ لَا الضَّآلِّيۡنَ ﴿۷﴾

തശഹ്ഹുദും തഅവ്വുദും സൂറ: ഫാത്തിഹയും ഓതിയതിനുശേഷം ഹുസൂർ തിരുമനസ്സ് പറയുന്നു:

ഇന്ന് വിവരിക്കുന്ന സഹാബാക്കളിൽ ആദ്യത്തെ സഹാബിയുടെ പേര്, ഹദ്റത്ത് സായിബ് ബിൻ ഉസ്മാൻ എന്നാണ്. അദ്ദേഹം ഹദ്റത്ത് ഉസ്മാൻ ബിൻ മസ്ഊന്റെ മകനായിരുന്നു. അദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഹദ്റത്ത് ഖൗല ബിൻത് ഹകീം എന്നുമാണ്. ഇസ്ലാമിന്റെ ആരംഭകാലത്ത് തന്നെ അദ്ദേഹം മുസ്ലിമായി. ഹദ്റത്ത് സായിബ് ബിൻ ഉസ്മാൻ തന്റെ പിതാവ്, പിതൃവ്യൻ ഹദ്റത്ത് ഖദാമ എന്നിവരോടൊപ്പം ഹബ്ശയിലേയ്ക്കുള്ള രണ്ടാം ഹിജ്റത്തിൽ പങ്കെടുത്തു. നബി (സ)യുടെ അമ്പെയ്ത്തുകാരായ സഹാബാക്കളിൽ ഇദ്ദേഹം എണ്ണപ്പെട്ടിരുന്നു. ഹദ്റത്ത് സായിബ് ബിൻ ഉസ്മാൻ ബദർ, ഉഹദ്, ഖന്ദഖ് എന്നീ എല്ലാ യുദ്ധങ്ങളിലും നബി(സ)യോടൊപ്പം പങ്കെടുത്തു. ബുവാത്ത് യുദ്ധാവസരത്തിൽ നബി(സ) അദ്ദേഹത്തെ മദീനയുടെ അമീറായി നിയമിച്ചിരുന്നു. ബുവാത്ത് യുദ്ധം ഹിജ്രി 2 നായിരുന്നുനടന്നത്. ബുവാത്ത്, മദീനയിൽ നിന്ന് ഏകദേശം 48 മൈയിൽ ദൂരത്ത് സ്ഥിതിചെയ്യുന്ന ജഹീന ഗോത്രത്തിന്റെ പർവ്വതത്തിന്റെ പേരാണ്. ഹദ്റത്ത് സായിബ് ബിൻ ഉസ്മാൻ യമാമ യുദ്ധത്തിലും പങ്കെടുത്തിരുന്നു. യമാമ യുദ്ധം ഹദ്റത്ത് അബൂബക്കർ(റ)ന്റെ ഖിലാഫത്തിന്റെ കാലത്ത് 12 ഹിജ്രിയിലാണ് സംഭവിച്ചത്. അതിൽ അദ്ദേഹത്തിന് അമ്പ് ഏല്ക്കേണ്ടി വന്നു. അത് മൂലം പിന്നീട് അദ്ദേഹത്തിന് വഫാത്ത് സംഭവിച്ചു. അദ്ദേഹത്തിന്റെ പ്രായം മുപ്പതിൽ അല്പം കൂടുതലായിരുന്നു.

അടുത്തതായി വിവരിക്കുന്ന സഹാബിയുടെ പേര്, ഹദ്റത്ത് സംറ ബിൻ അംറ് ജുഹ്നി എന്നാണ്. അദ്ദേഹം ബനൂ തരീഫുമായി ഉടമ്പടിയിൽ ഏർപ്പെട്ടു. ചിലരുടെ അഭിപ്രായപ്രകാരം അദ്ദേഹം ഹദ്റത്ത് സഅദ് ബിൻ ഉബാദയുടെ ഗോത്രമായ ബനൂ സാഅദയുമായാണ് ഉടമ്പടിയിൽ ഏർപ്പെട്ടത്. ഹദ്റത്ത് സംറ ബദർ, ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തു. ഉഹദ് യുദ്ധത്തിൽ അദ്ദേഹം ശഹീദാക്കപ്പെട്ടു.

ഇനി വിവരിക്കുന്ന സഹാബിയുടെ പേര്, ഹദ്റത്ത് സഅദ് ബിൻ സുഹൈൽ എന്നാണ്. ഹദ്റത്ത് സഅദ് അൻസാരിയായിരുന്നു. അദ്ദേഹം ബദർ, ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തു.

ഇനി ഹദ്റത്ത് സഅദ് ബിൻ ഉബൈദിനെ കുറിച്ചാണ്. ഹദ്റത്ത് സഅദ് ബിൻ ഉബൈദ് ബദർ, ഉഹദ്, ഖന്ദഖ് എന്നീ എല്ലാ യുദ്ധങ്ങളിലും നബി(സ)യോടൊപ്പം പങ്കെടുത്തു. അദ്ദേഹം ഖാരി എന്ന സ്ഥാനപേരിൽ പ്രസിദ്ധനായിരുന്നു. അദ്ദേഹത്തിന്റെ വിളിപ്പേര് അബൂസയ്ദ് എന്നായിരുന്നു. ഹദ്റത്ത് സഅദ് ബിൻ ഉബൈദ്, നബി (സ)യുടെകാലത്ത് തന്നെ വിശുദ്ധ ഖുർആൻ സമാഹരിച്ച നാല് അൻസാർ സഹാബാക്കളിൽ ഉൾപ്പെട്ട വ്യക്തിയാണ്. അദ്ദേഹത്തിന്റെ മകൻ ഉമൈർ ബിൻ സഅദ് ഹദ്റത്ത് ഉമർ(റ)ന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ സിറിയയുടെ ഒരു ഭാഗത്തിന്റെ ഗവർണറായിരുന്നു. ഒരു നിവേദനാടിസ്ഥാനത്തിൽ ഹദ്റത്ത് സയ്ദ് ബിൻ ഉബൈദ് നബി(സ) തിരുമേനിയുടെ കാലഘട്ടത്തിൽ മസ്ജിദ് ഖുബയുടെ ഇമാമത്ത് നിർവഹിച്ചിരുന്നു. ഹദ്റത്ത് അബൂബക്കർ(റ)ന്റെയും ഹദ്റത്ത് ഉമർ(റ)ന്റെയും കാലഘട്ടത്തിലും ഇതെ ഇമാമത്തിൽ നിയമിതനായിരുന്നു. ഹദ്റത്ത് സഅദ് ബിൻ ഉബൈദ്(റ) ഹിജ്റത്തിന്റെ 16-ാം വർഷം ഖാദ്സിയ്യാ യുദ്ധത്തിൽ ശഹീദാക്കപ്പെട്ടു. ശഹാദത്തിന്റെ സമയത്ത് അദ്ദേഹത്തിന് 64 വയസ്സ് ഉണ്ടായിരുന്നു. ഹദ്റത്ത് അബ്ദുറഹ്മാൻ ബിൻ അബൂലയ്ലാ നിവേദനം ചെയ്യുന്നു: ജസർ യുദ്ധം നടന്നത് ഹിജ്റ 13 നാണ്. അതിൽ മുസ്ലിംങ്ങൾക്ക് ഒരുപാട് നാശനഷ്ടങ്ങൾ ഉണ്ടായി. ഹദ്റത്ത് സഅദ് ബിൻ ഉബൈദ് പരാജയം ഏറ്റ് വാങ്ങി തിരിച്ചുവന്നു. അതായത് പിന്നോക്കം മാറി. ഹദ്റത്ത് ഉമർ, ഹദ്റത്ത് സഅദ് ബിൻ ഉബൈദിനോടായി ചോദിച്ചു: ശാമിലെ യുദ്ധത്തിന് താൽപര്യമുണ്ടോ? മുസ്ലിംങ്ങളുടെ ഒരുപാട് രക്തം ചിന്തി. മുസ്ലിംങ്ങൾക്ക് വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടായി. ജസർ യുദ്ധത്തിലുണ്ടായ അപമാനവും പരാജയവും തുടച്ച് നീക്കണമെങ്കിൽ അവിടെ പോകുക. അവിടെയും യുദ്ധം നടന്ന് കൊണ്ടിരിക്കുന്നു. ഹദ്റത്ത് സഅദ് പറഞ്ഞു: ഇല്ല. എവിടെ നിന്നാണ് ഞാൻ തി

രിച്ച് വന്നത് അവിടേയ്ക്കല്ലാതെ ഞാൻ എവിടെയും പോകുകയില്ല. ശത്രുക്കൾ എന്നെ എന്തുതന്നെ ചെയ്താലും ശരി. ഞാൻ പോരാട്ടത്തിനായി ഇറങ്ങുന്നതാണ്. അങ്ങനെ ഹദ്റത്ത് സഅദ് ബിൻ ഉബൈദ് ഖാദിസായിൽ എത്തി. അവിടെ പോരാടി കൊണ്ട് ശഹീദായി. അബ്ദു റഹ്മാൻ നിവേദനം ചെയ്യുന്നു: ഹദ്റത്ത് സഅദ് ബിൻ ഉബൈദ് ജനങ്ങളെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: നാളെ ഞങ്ങൾ ശത്രുക്കളോട് പോരാടുകയും ശഹീദാകുകയും ചെയ്യും അതുകൊണ്ട് നിങ്ങൾ ഞങ്ങളുടെശരീരത്തിൽ നിന്ന് രക്തം കഴുകി കളയരുത്. ഞങ്ങളുടെ ശരീരത്തിലുള്ള വസ്ത്രത്തിൽ അല്ലാതെ മറ്റൊരു വസ്ത്രത്തിലും മറവും ചെയ്യരുത്.

അടുത്തതായി വിവരിക്കുന്ന സഹാബിയുടെ പേരാണ് ഹദ്റത്ത് സഹൽ ബിൻ അതീഖ്. ഹദ്റത്ത് സഹൽ ബിൻ അതീഖ് രണ്ടാം ബയ്അത്തെ ഉഖ്ബയിൽ പങ്കെടുത്ത എഴുപത് അൻസാറുകളിൽ ഉൾപ്പെടുന്നു. അദ്ദേഹത്തിന് ബദർ, ഉഹദ് യുദ്ധങ്ങളിൽ പങ്കെടുക്കുവാൻ ഭാഗ്യം സിദ്ധിച്ചു.

അടുത്ത സഹാബിയുടെ പേര് ഹദ്റത്ത് സുഹയ്ൽ ബിൻ റാഫിഅ് എന്നാണ്. ബനൂ നജ്ജാറുമായാണ് അദ്ദേഹത്തിന്റെ ബന്ധം. മസ്ജീദ് നബവി നിർമ്മിച്ചത് ഇദ്ദേഹത്തിന്റെയുംഇദ്ദേഹത്തിന്റെ സഹോദരനായ സഹലിന്റെയും ഉടമസ്ഥതയിലുള്ള ഭൂമിയിലായിരുന്നു. ഹദ്റത്ത് സുഹയ്ൽ ബദർ, ഉഹദ്, ഖന്ദഖ് എന്നീ എല്ലാ യുദ്ധങ്ങളിലും നബി(സ)യോടൊപ്പം പങ്കെടുത്തു. ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ അദ്ദേഹം വഫാത്തായി.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്ത് ഖാത്തമുന്നബിയ്യീനിൽ എഴുതുന്നു: ഹിജ്റത്തിന് ശേഷം മദീനയിലെ സ്ഥിരതാമസത്തിന് വേണ്ടിയുള്ള ആദ്യത്തെ പ്രവൃത്തി മസ്ജിദ് നബവിയുടെ നിർമാണമായിരുന്നു. ഏതൊരു സ്ഥലത്താണ് നബി(സ)യുടെ ഒട്ടകം വന്നിരുന്നത് അത് രണ്ട് മുസ്‌ലിം കുട്ടികളായ സഹലിന്റെയും സുഹൈലിന്റെയും ഉടമസ്ഥതയിലായിരുന്നു. അവർ കഴിഞ്ഞിരുന്നത് ഹദ്റത്ത് അസ്അദ് ബിൻ സറാറയുടെമേൽനോട്ടത്തിലായിരുന്നു. അത് ഒരുവിജനമായ തരിശ് ഭൂമിയായിരുന്നു. അതിന്റെ ഒരു വശത്തായി ഈന്തപ്പഴത്തിന്റെ ഒന്നോ രണ്ടോ മരങ്ങളും മറുവശത്ത് കുറച്ച് കെട്ടിടങ്ങളുടെ അവശിഷ്ടങ്ങളുമുണ്ടായിരുന്നു. നബി(സ) അവിടെ പള്ളി പണികഴിക്കുന്നതിനും തനിക്കായി മുറികൾ നിർമിക്കുന്നതിനും തീരുമാനിച്ചു. പത്ത് ദിനാർ നല്കി ആ സ്ഥലംവാങ്ങി. സ്ഥലം നിരപ്പാക്കുകയും അതിലെ വൃക്ഷങ്ങൾ മുറിച്ച് മാറ്റുകയും ചെയ്തു. അവിടെ മസ്ജിദ് നബവി നിർമ്മിച്ചു. ഒരു നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ആ ഭൂമിയുടെ വില ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) ആയിരുന്നു നല്കിയത്. അവിടെ മസ്ജിദ് നബവിയുടെ നിർമാണപ്രവർത്തനങ്ങൾ ആരംഭിച്ചു. നബി(സ) തന്നെയാണ് മസ്ജിദിന് ദുആയോട് കൂടി തറക്കല്ലിട്ടത്. സഹാബാക്കൾ നിർമാണതൊഴിലാളികളുടെ ജോലികൾ നിർവഹിച്ചു. ചിലപ്പോഴെല്ലാം നബി(സ)യും അതിൽ പങ്കെടുത്തിരുന്നു.

മസ്ജിദിന്റെ ഉയരം പത്ത് അടിയായിരുന്നു. അതായത് മേൽകൂര പത്തടി ഉയരത്തിലായിരുന്നു. അതിന്റെ നീളം 105 അടിയും വീതി 90 അടിയും ആയിരുന്നു. പള്ളിയുടെ ഒരു മൂലയിൽ മേൽകൂരയോട് കൂടിയ ഒരു വരാന്തയും ഉണ്ടായിരുന്നു. അതിനെ സുഫ്ഫ എന്നാണ് വിളിച്ചിരുന്നത്. അത് ദരിദ്രരായ മുഹാജിറുകൾക്ക് വേണ്ടിയുള്ളതായിരുന്നു. അവർ വീടും തൊഴിലും ഇല്ലാത്തവരായിരുന്നു. അവർ അവിടെയാണ് താമസിച്ചിരുന്നത്. അവരെ അസ്ഹാബുസ്സുഫ്ഫ എന്നും വിളിച്ചിരുന്നു. മസ്ജിദിനോട് ചേർന്ന രീതിയിലാണ് നബി(സ)യ്ക്ക് താമസസൗകര്യം തയ്യാറാക്കിയിരുന്നത്. അത് വീട് എന്ന് പറയാൻ ഒന്നുമില്ല പത്ത് പതിനഞ്ച് അടിയുള്ള ഒരു ചെറിയ മുറി. ആ മുറിക്കും പള്ളിയ്ക്കും ഇടയിൽ ഒരു വാതിൽ ഉണ്ടാക്കി. അതിലൂടെയാണ് അദ്ദേഹം നമസ്കാരത്തിനും മറ്റും പള്ളിയിലേയ്ക്ക് വന്നിരുന്നത്. നബി(സ) പിന്നീടും വിവാഹം കഴിച്ചപ്പോൾ ആ മുറിയുടെകൂടെ മറ്റ് മുറികളും നിർമിക്കപ്പെട്ടു. പള്ളിയുടെ പരിസരത്ത് മറ്റ്ചില സഹാബാക്കളുടെ വീടുകളും നിർമ്മിച്ചു. ഇതായിരുന്നു മദീനയിൽ നിർമിക്കപ്പെട്ട മസ്ജിദ് നബവി. ആ കാലഘട്ടത്തിൽ സാമൂഹിക പ്രവൃത്തനങ്ങളെ നിയന്ത്രിക്കാനായിയാതൊരു പബ്ലിക്ക് കെട്ടിടവും ഉണ്ടായിരുന്നില്ല. അതിനാൽ ഭരണകേന്ദ്രവും ഈ മസ്ജിദായിരുന്നു. ഇത് തന്നെയായിരുന്നു ഒഫീസും. അവിടെ നബി(സ) യോഗങ്ങൾ വിളിച്ച് കൂട്ടി. അവിടെ എല്ലാവിധ കൂടിയാലോചനകളും നടന്നിരുന്നു. അവിടെ വച്ച് കേസുകൾക്ക് വിധി പറഞ്ഞു. അവിടെ നിന്നാണ് കല്പനകൾ പുറപ്പെട്ടിരുന്നത്. പൊതു അതിഥി മന്ദിരവും അത് തന്നെയായിരുന്നു. എല്ലാ സാമൂഹിക കാര്യങ്ങളും ആ പള്ളിയിലാണ് നിർവഹിക്കപ്പെട്ടത്. ആവശ്യം നേരിട്ടാൽ യുദ്ധ തടവുകരുടെതടവറയായുംഅത് ഉപയോഗിച്ചു.

ഹുസൂർ തിരുമനസ്സ് പറയുന്നു: സർ വില്യം മ്യൂർ ഈ മസ്ജിദിനെ കുറിച്ച് പറയുന്നു: മസ്ജിദ് പണികഴിക്കാൻ ഉപയോഗിച്ച വസ്തുക്കൾ നിസാരവും സാധരണ കാണപ്പെടുന്നതുമാണ്. എന്നാൽ മുഹമ്മദ്(സ)ന്റെ ഈ മസ്ജിദ് ഇസ്‌ലാമിക ചരിത്രത്തിൽ വളരെ പ്രത്യേകമായ മഹത്വം അർഹിക്കുന്നു. ദൈവദൂതനും അദ്ദേഹത്തിന്റെ അനുചരന്മാരും ഈ പള്ളിയിലായിരുന്നു അവരുടെ അധിക സമയവും ചെലവഴിച്ചത്. അവിടെയാണ് ഇസ്‌ലാമിക നമസ്കാരം കൃത്യമായി ജമാഅത്തോട്കൂടി ആരംഭിച്ചത്. അവിടെ ജുമുഅ ദിവസം അല്ലാഹുവിന്റെ പുതിയ വഹ്‌യുകൾ കേൾക്കുന്നതിനായി ജനങ്ങൾ ഒത്തുചേർന്നു. അവിടെ മുഹമ്മദ്(സ) തന്റെ വിജയങ്ങൾക്കുള്ള പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. അവിടെ പരാജിതരും അടിയറവ് പറഞ്ഞവരുമായ ഗോത്രസംഘങ്ങൾ അണിനിരന്നു. അത് അറേബ്യയുടെ ദൂരദേശങ്ങളിലുള്ള വിമതരെപോലും വിറ

കൊള്ളിച്ച രാജകല്പനകൾ പുറപ്പെട്ടിരുന്ന ദർബാറായിരുന്നു. അവസാനം അതെ മസ്ജിദിന്റെ അടുത്ത് തന്റെ ഭാര്യയുടെ മുറിയിൽ നബി(സ) ജീവൻ വെടിഞ്ഞു. ആ സ്ഥലത്ത് രണ്ട് ഖലീഫമാരുടെ ഖബറുകളുടെ ഇടയിൽ അദ്ദേഹത്തിന്റെ ഖബറും സ്ഥിതിചെയ്യുന്നു. ഹദ്റത്ത് സുഹൈലും അദ്ദേഹത്തിന്റെ സഹോദരനും ഭാഗ്യശാലികളായിരുന്നു. അവർക്ക് ഇസ്‌ലാമിന്റെ ആ മഹനീയ കേന്ദ്രത്തിനായി തങ്ങളുടെ ഭൂമി നല്കാൻ ഭാഗ്യംലഭിച്ചു.

ഇനി വിവരിക്കുന്ന സഹാബിയുടെ പേര് ഹദ്റത്ത് സഅദ് ബിൻ ഖയ്സമ എന്നാണ്. ഹദ്റത്ത് സഅദ് ബിൻ ഖയ്സമയുടെ ബന്ധം ഔസ്ഗോത്രവുമായാണ്. അദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഹിന്ദ് ബിൻത് ഔസ് എന്നാണ്. നബി(സ) ഹദ്റത്ത് സഅദ് ബിൻ ഖയ്സമയ്ക്കും ഹദ്റത്ത് അബൂ സൽമ ബിൻ അബ്ദുൽ അസദിനും ഇടയിൽ സാഹോദര്യബന്ധം സ്ഥാപിച്ചു. ഹദ്റത്ത് സഅദ് രണ്ടാം ബയ്അത്തെ ഉഖ്ബയുടെ അവസരത്തിൽ നബി(സ) മദീനയിലെ മുസ്‌ലിംകളുടെ മേൽനോട്ടത്തിനായി നിയമിച്ച 12 നേതാക്കളിൽ ഉൾപ്പെടുന്നു.

സീറത്തുൽ ഖാത്തമുന്നബീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: 13 നബവിയിലെ ദുൽഹജ്ജ് മാസത്തിൽ ഔസ്, ഖസ്റജ് ഗോത്രത്തിലെ നൂറുകണക്കിനാളുകൾ മക്കയിലെത്തി. അതിലെ 70 ആളുകൾ മുസ്‌ലിംങ്ങളോ മുസ്‌ലിംങ്ങളാകാൻ ആഗ്രഹിച്ചിരുന്നുവരോ ആയിരുന്നു.  നബി(സ) നിശ്ചയിച്ചുറച്ച ദിവസം രാത്രി വീട്ടിൽ നിന്ന് ഒറ്റയ്ക്ക് പുറത്തിറങ്ങി. വഴിമധ്യേ തന്റെ പിതൃവ്യൻ ഹദ്റത്ത് അബ്ബാസിനെയും കൂടെ കൂട്ടി. അദ്ദേഹം അപ്പോൾ ഇസ്‌ലാം സ്വീകരിച്ചിരുന്നില്ല. എന്നാലും നബിയോട് സ്നേഹാദരവ് പുലർത്തിയിരുന്നു. അവർ രണ്ട്പേരും മലയിടുക്കിലെത്തി. അധികം താമസിയാതെ തന്നെ ഒറ്റയുംതെറ്റയുമായി അൻസാർ അവിടെ എത്തിച്ചേരാൻ തുടങ്ങി. ആദ്യം അബ്ബാസ് സംസാരിക്കാൻ തുടങ്ങി: അല്ലയോ ഖസ്റജ് സമൂഹമേ! മുഹമ്മദ്(സ) തന്റെ കുടുംബത്തിലെ ബഹുമാന്യനും പ്രിയപ്പെട്ടവനുമാകുന്നു. ആ കുടുംബം ഇന്ന് വരെ അദ്ദേഹത്തിന്റെ സംരക്ഷണത്തിന് ജാമ്യമായിരുന്നു. എല്ലാ അപകടാവസ്ഥയെയും അദ്ദേഹത്തിന് വേണ്ടി സധൈര്യം നേരിട്ടു. എന്നാൽ ഇപ്പോൾസ്വന്തം ദേശം ഉപേക്ഷിച്ച് നിങ്ങളുടെ സമീപത്ത് വരികയെന്നതാണ് അദ്ദേഹത്തിന്റെ തീരുമാനം. അതുകൊണ്ട് നിങ്ങൾ അദ്ദേഹത്തെ കൊണ്ടുപോകാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ നിങ്ങൾ അദ്ദേഹത്തെ എല്ലാ വിധത്തിലും സംരക്ഷിക്കേണ്ടതാണ്. നിങ്ങൾ അതിന് തയ്യാറാകുന്നുവെങ്കിൽ അതാണ് ഉത്തമം. അല്ലാത്തപക്ഷം തുറന്ന നിലയിൽ മറുപടി നല്കുക. തുറന്ന് പറയുന്നത് നല്ല കാര്യമാണ്. അൻസാർ ഗോത്രത്തിലെ മുതിർന്ന, സ്വാധീനം ചെലുത്തിയിരുന്ന ഒരു വ്യക്തിയായിരുന്നു ബറാഅ് ബിൻ മഅ്റൂർ. അദ്ദേഹം പറഞ്ഞു: ഞങ്ങൾ ആഗ്രഹിക്കുന്നത് റസൂലുല്ലാഹ് സ്വയം ഇക്കാര്യത്തെ കുറിച്ച് ഞങ്ങളോട് പറയണമെന്നാണ്. അതിൽ നബി(സ) വിശുദ്ധ ഖുർആനിലെ ചില ആയത്തുകൾ പാരായണംചെയ്തു. പിന്നെ ചുരുങ്ങിയ വാക്കുകളിൽ ഇസ്‌ലാമിക അധ്യാപനങ്ങളെ കുറിച്ച് പ്രസംഗിച്ചു. അല്ലാഹുവിനോടുള്ള കടമയും ദാസരോടുള്ള കടമയും വിവരിച്ച് കൊണ്ട് പറഞ്ഞു: നിങ്ങൾ നിങ്ങളുടെ പ്രിയപ്പെട്ടവരെയും ബന്ധുകളെയും സംരക്ഷിക്കുന്നത് പോലെ ആവശ്യം നേരിട്ടാൽ എന്നോടും പെരുമാറുക. ബറാഅ് ബിൻ മഅ്റൂർ അറബികളുടെ രീതി അനുസരിച്ച് അങ്ങയുടെ കരങ്ങൾ സ്വന്തം കൈകളിൽ വെച്ച് കൊണ്ട് പറഞ്ഞു: അല്ലയോ അല്ലാഹുവിന്റെ റസൂലേ! താങ്കളെ സത്യത്തോടുകൂടി അയച്ച ആ ദൈവത്തെ കൊണ്ട് സത്യം! ഞങ്ങൾ ഞങ്ങളുടെ ജീവനെ പോലെ അങ്ങയെ സംരക്ഷിക്കുന്നതാണ്. ഞങ്ങൾ വാളിന്റെ തണലിലാണ് വളർന്നത്. പിന്നീട് അവർ നബി(സ)യോട്ചോദിച്ചു: ഞങ്ങൾ എല്ലാത്തിനും തയ്യാറാണ് പക്ഷേ ഇതിന് പകരം ഞങ്ങൾക്ക് എന്ത് ലഭിക്കും? നബി(സ) പറഞ്ഞു: നിങ്ങൾക്ക് അല്ലാഹുവിന്റെസ്വർഗം ലഭിക്കുന്നതാണ്. അത് എല്ലാ പ്രതിഫലത്തെക്കാളും വലിയ പ്രതിഫലമാകുന്നു. അവർ എല്ലാവരും പറഞ്ഞു: ഞങ്ങൾക്ക് ഈ കച്ചവടം സമ്മതമാണ്. അല്ലാഹുവിന്റെ റസൂലേ! അങ്ങ് തൃക്കൈകൾ നീട്ടിയാലും. അദ്ദേഹം കൈകൾ നീട്ടി. അങ്ങനെ ജീവൻ ത്യജിക്കാൻ സന്നദ്ധരായആ എഴുപത് പേരടങ്ങുന്ന സംഘം സുരക്ഷാകരാറിൽ ഏർപ്പെട്ട് അങ്ങയുടെ കരങ്ങളിൽ വിൽക്കപ്പെട്ടു. ഈ ബയ്അത്തിന്റെ പേരാണ് രണ്ടാം ബയ്അത്തെ ഉഖ്ബ. ബയ്അത്തിന് ശേഷം നബി(സ) പന്ത്രണ്ട് നേതാക്കൻമാരെ നിയമിച്ചു. അവരുടെ പേരുകൾ ഇപ്രകാരമാണ്: അസദ് ബിൻ സറാറ, അസദ് ബിൻ ഹസീർ, അബുൽ ഹയ്സം മാലിക് ബിൻ തയ്ഹാൻ, സഅദ് ബിൻ ഉബാദ, ബറാഅ് ബിൻ മഅ്റൂർ, അബ്ദുല്ലാഹ് ബിൻ റവാഹ, ഉബാദ ബിൻ സാമിത്ത്, സഅദ് ബിൻ റബീഅ്, റാഫിഅ് ബിൻ മാലിക്, അബ്ദുല്ലാഹ് ബിൻ അംറ്, സഅദ് ബിൻ ഖയ്സമ, മുൻസിർ ബിൻ അംറ്.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഹദ്റത്ത് സഅദ് ബിൻ ഖയ്സമയ്ക്ക് ഖുബായിൽ ഒരു കിണർ ഉണ്ടായിരുന്നു. അതിനെ അൽഗർസ് എന്ന് വിളിച്ചിരുന്നു. നബി(സ) അതിൽ നിന്ന് വെള്ളം കുടിച്ചിരുന്നു. പറയാറുണ്ടായിരുന്നു: ഇത് സ്വർഗത്തിലെ അരുവികളിൽപെട്ടതാണ്. ഇതിന്റെ ജലം മുന്തിയതാണ്. നബി(സ)യുടെ വഫാത്തിന് ശേഷം അദ്ദേഹത്തെ ഈ കിണറിലെ വെള്ളംകൊണ്ടാണ് കുളിപ്പിച്ചത്. റസൂലുല്ലാഹ്(സ) പറഞ്ഞിരുന്നു: ഞാൻ വിയോഗം പ്രാപിച്ചാൽ ബിഅ്റെ ഗർസിൽ നിന്ന് ഏഴ് കുടം വെള്ളം കൊണ്ട് വന്ന് കുളിപ്പിക്കണം. നബി(സ)യെ മൂന്ന് പ്രാവശ്യം കുളിപ്പിച്ചു. ഹദ്റത്ത് അലി, ഹദ്റത്ത് അബ്ബാസ്, ഹദ്റത്ത് ഫസൽ എന്നിവരാണ് അദ്ദേഹത്തെ കുളിപ്പിച്ചത്.

സുലൈമാൻ ബിൻ അബാൻ നിവേദനം ചെയ്യുന്നു: നബി(സ) ബദറിലേയ്ക്ക് പുറപ്പെട്ടപ്പോൾ ഹദ്റത്ത് സഅദ് ബിൻ ഖയ്സമയും അദ്ദേഹത്തിന്റെ പിതാവും നബി(സ)യോടൊ

പ്പം പുറപ്പെടാൻ തീരുമാനിച്ചു. നബി(സ) രണ്ടിൽ ഒരാൾ പോകാനും രണ്ട് പേരുടെയും ഇടയിൽ നറുക്കെടുപ്പ് നടത്തുവാനും നിർദ്ദേശം നല്കി. ഹദ്റത്ത് ഖയ്സമ തന്റെ മകൻ സഅദിനോട് പറഞ്ഞു: നമ്മളിൽ ഒരാൾക്കാണ് പോകാൻ സാധിക്കുക. അതുകൊണ്ട് നീ സ്ത്രീകളുടെ അടുത്ത് മേൽനോട്ടക്കാരനായി നിൽക്കുക. ഹദ്റത്ത് സഅദ് പറഞ്ഞു: സ്വർഗമല്ലാതെ മറ്റു വല്ലതുമായിരുന്നെങ്കിൽ ഞാൻ അങ്ങയ്ക്ക് മുൻഗണന നല്കുമായിരുന്നു. എന്നാൽ ഞാൻ ശഹാദത്ത് ആഗ്രഹിക്കുന്നവനാണ്. അങ്ങനെ നറുക്കെടുപ്പ് നടന്നു. അതിൽ ഹദ്റത്ത് സഅദിന്റെ പേര് വീണു. അദ്ദേഹം നബി(സ)യോടൊപ്പം ബദറിലേയ്ക്ക് പുറപ്പെടുകയും ബദർ യുദ്ധത്തിൽ ശഹാദത്ത് വരിക്കുകയും ചെയ്തു.

ഒരു നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ബദർ യുദ്ധത്തിൽ നബി(സ)യോടൊപ്പം രണ്ട് കുതിരകൾ ഉണ്ടായിരുന്നു. ഒരു കുതിരയിൽ ഹദ്റത്ത് മുസഅദ് ബിൻ ഉമൈർ മറ്റൊന്നിൽ ഹദ്റത്ത് സഅദ് ബിൻ ഖയ്സമ എന്നിവരാണ് സഞ്ചരിച്ചിരുന്നത്. ഹദ്റത്ത് സുബൈർ ബിൻ അവാം, ഹദ്റത്ത് മിഖ്ദാദ് ബിൻ അസ്വദ് എന്നിവർഊഴം അനുസരിച്ച് അതിൽ സവാരിചെയ്തു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബിന്റെ വീക്ഷണത്തിൽ ബദർ യുദ്ധസമയത്ത് മുസ്ലിംങ്ങളുടെ ഭാഗത്ത് 70 ഒട്ടകങ്ങളും 2 കുതിരകളും ഉണ്ടായിരുന്നു. എന്തായാലും എത്ര സാധനസാമഗ്രികളും കുതിരകളും ഒട്ടകങ്ങളും ഉണ്ടായിരുന്നാലും ശരി, അത് അവിശ്വാസികളുടെ സാധനസാമഗ്രികളോട് തുലനം ചെയ്യുവാൻ സാധിക്കുമായിരുന്നില്ല. എന്നാൽ ആക്രമണം ഉണ്ടായപ്പോൾ യുദ്ധം ശക്തമായിരുന്നു. അവിശ്വാസികൾ ഇസ്ലാമിനെ ഉന്മൂലനം ചെയ്യുമെന്ന വിചാരത്തോടെയാണ് വന്നത്. എന്നാൽ സത്യവിശ്വാസികൾ അവരുടെ സാധനങ്ങളെ ഗൗനിച്ചില്ല. കുതിരകളെയും ശ്രദ്ധിച്ചില്ല. അല്ലാഹുവിന് വേണ്ടി ത്യാഗം വരിക്കണം എന്ന വ്യഗ്രതയായിരുന്നു. അങ്ങനെ അല്ലാഹു അത് സ്വീകരിക്കുകയും പിന്നീട് വിജയം നല്കുകയും ചെയ്തു. അല്ലാഹു എപ്പോഴും ഈ സഹാബാക്കളുടെ പദവികൾ ഉയർത്തുമാറാക്കട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifathul Masih Al-khamis** (atba)
at Baithul Futuh,London – on 15.03.2019
Malayalam Translation : **Hashim Ashraf,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516